©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 നവംബർ 28<br>28th November 2022<br>1198 വൃശ്ചികം 12<br>12th Vrischikam 1198<br>1944 അഗ്രഹായനം 7<br>7th Agrahayana 1944 | നമ്പർ<br>No. | 4010 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.151/2022/TAXES. *Dated, Thiruvananthapuram, 27th November, 2022*
*11th Vrischikam, 1198*

**S. R. O. No. 1140/2022**

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the fees payable under the said Act, for the registration of the instruments of conveyance of land being purchased by the Scheduled Caste and Scheduled Tribe beneficiaries with the financial assistance of the Scheduled Caste/Scheduled Tribe Development

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Department under the scheme for rehabilitation of the landless-homeless.

By order of the Governor,

DR RATHAN U KELKAR I A S

*Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

As per G.O.(P)No.97/97/TD dated 28th July, 1997, and published as S.R.O.No.602/97 in the Kerala Gazette Extra Ordinary No.1034 dated 30th July, 1997, Government have exempted the Scheduled Caste and Scheduled Tribe beneficiaries from the payment of stamp duty of the landless-homeless, under the scheme for rehabilitation implemented by the Scheduled Caste/Scheduled Tribe Development Department. Government have examined the matter in detail and have decided to exempt the registration fees required for the registration of the instruments of conveyance of land being purchased by the Scheduled Caste and Scheduled Tribe beneficiaries with the financial assistance of the Scheduled Caste/ Scheduled Tribe Development Department under the scheme for rehabilitation of the landless-homeless in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-11-2022

ഫയൽ നം. ജെ1/113/2022/നി.വ. ഇനം നം: 1190

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള ധന സഹായം ഉപയോഗിച്ച് പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പേർക്ക് ഭൂമി വാങ്ങുമ്പോൾ ആധാര രജിസ്ട്രേഷനാവശ്യമായ രജിസ്ട്രേഷൻ ഫീസും കൂടി ഒഴിവാക്കി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നികുതി വകുപ്പ്.

23/11/22
SO(J)
24/11
JS
JS
Registration

1190

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ1/113/2022/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ -പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് പട്ടികജാതി - പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ പേർക്ക് ഭൂമി വാങ്ങുമ്പോൾ ആധാര രജിസ്ട്രേഷനാവശ്യമായ രജിസ്ട്രേഷൻ ഫീസും കൂടി ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച അപേക്ഷ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10/11/2022 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(II)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>അതെ. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ.രത്തൻ.യു.കേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16/11/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18/11/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.എൻ.വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21/11/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21/11/2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി, പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് പട്ടികജാതി - പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ പേർക്ക് ഭൂമി വാങ്ങുമ്പോൾ ആധാര രജിസ്ട്രേഷനാവശ്യമായ രജിസ്ട്രേഷൻ ഫീസും കൂടി ഒഴിവാക്കി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള സർക്കാരിന്റെ ലൈഫ് പദ്ധതിയിൽപ്പെട്ട ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഭൂമി വാങ്ങുന്നതിന് മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുണ്ടെന്നും എന്നാൽ ലൈഫ് പദ്ധതിയുടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുമ്പോൾ മുദ്രവില ഇളവ് മാത്രമേ ലഭിക്കുവെന്നും ആയതിനാൽ പ്രസ്തുത രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീസിളവ് കൂടി അനുവദിക്കണമെന്നുമാണ് അപേക്ഷിച്ചിരിക്കുന്നത്.

3) 08/09/2020 തീയതിയിലെ G.O(P) No.113/2020/Taxes (S.R.O.No.568/2020), G.O(P) No.114/2020/Taxes (S.R.O No.569/2020) എന്നീ ഉത്തരവുകൾ പ്രകാരം ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് മുദ്രവിലയും ഫീസും ഒടുക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുള്ളതാണ്. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിതപദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ പേർക്ക് ഭൂമി വാങ്ങുന്നതിന് 28/07/1997 ലെ G.O(P) No.97/97/TD (S.R.O No.602/97)നമ്പർ ഉത്തരവ് പ്രകാരം മുദ്രവില ഇളവ് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന് രജിസ്ട്രേഷന് ഫീസ് ഇളവ് അനുവദിച്ചിട്ടില്ലാത്തതാണ്.

4) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പട്ടികജാതി-വികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുമ്പോൾ പ്രസ്തുത രജിസ്ട്രേഷന് ഫീസിളവ് അനുവദിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമാണ് എന്നും ആയതിനാൽ ടി വിഷയം സംബന്ധിച്ച് സർക്കാരിന് ഉചിതമായ തീരുമാനം

കൈക്കൊള്ളാവുന്നതുമാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) 1959 ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും 1908 ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും പൊതു താൽപര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

6) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"28/07/1997 ലെ സ.ഉ(അ)97/97/TD (SRO.No.602/97) ഉത്തരവ് പ്രകാരമാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത ഭവന രഹിത പദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പേർക്ക് ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുള്ളത്. ഈ ഇളവ് LIFE പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ ഇളവല്ല. 2016 വർഷം മുതലാണ് LIFE പദ്ധതി ആരംഭിച്ചിട്ടുള്ളത്. 08/09/2020 തീയതിയിലെ G.O.(P)No.114/2020/Taxes (SRO.No.569/2020), G.O(P)No.113/2020/Taxes(SRO.No.568/2020) പ്രകാരം ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് മുദ്രവിലയും ഫീസും ഒടുക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുള്ളതിനാൽ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്കു പട്ടികജാതിവികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുമ്പോഴും സമാന ഇളവ്, അതായത് മുദ്രവിലയും, രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്".

7) ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുമ്പോൾ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇളവ് നൽകാനാണ് ധനകാര്യ വകുപ്പ് ശുപാർശ ചെയ്തിരിക്കുന്നത്. ധനകാര്യ വകുപ്പ് ശുപാർശ ചെയ്തിരിക്കുന്നതിൽ പട്ടികവർഗ്ഗ വിഭാഗം ഉൾപ്പെട്ടു വരുന്നില്ല. പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി പട്ടികജാതി - പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ പേർക്ക് ഭൂമി വാങ്ങുന്നതിന് മുദ്രവിലയിളവ് അനുവദിച്ചിട്ടുള്ളതാണ്. സമാനമായി, ടി ഗുണഭോക്താക്കൾക്ക്

പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷൻ ഫീസ് കൂടി ഒഴിവാക്കി നൽകുന്ന വിഷയം, മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, ബഹു. സഹകരണവും രജിസ്ട്രേഷനും സാംസ്കാരികവും വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിച്ചു.

" അംഗീകരിക്കാവുന്നതാണ് . ബഹു മുഖ്യമന്ത്രി ദയവായി കണ്ടാലും.

8) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി പട്ടികജാതി - പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ പേർക്ക് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമുള്ള ധനസഹായം ഉപയോഗിച്ച് ഭൂമി വാങ്ങുമ്പോൾ 28/07/1997 - ലെ G.O(P) No.97/97/TD (S.R.O No.602/97) പ്രകാരം മുദ്രവില ഇളവ് അനുവദിച്ചിട്ടുള്ളതിന് സമാനമായി, ആയതിന്റെ ആധാര രജിസ്ട്രേഷനാവശ്യമായ രജിസ്ട്രേഷൻ ഫീസിനു കൂടി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഭാഗികമായി ഭേദഗതി ചെയ്ത് ഇളവ് നൽകാമോ?